പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1787 10.02.2020-ലെ മറുപടിക്ക്

**<u>ട്രാഫിക് നിയമലംഘനം കണ്ടെത്തുവാൻ ഹൈവേകളിൽ ഹൈസ്പീഡ് ക്യാമറകൾ</u>**

<u>ചോദ്യം</u>

ശ്രീ.ടി.ജെ. വിനോദ്

<u>മറുപടി</u>

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സീറ്റ് ബെൽറ്റ് കർശനമാക്കുകയും ഇരുചക്രവാഹനങ്ങളിൽ പിൻസീറ്റുകാർക്ക് കൂടി ഹെൽമെറ്റ് നിർബന്ധമാക്കുകയും ചെയ്തതോടുകൂടി റോഡപകടങ്ങളിലെ മരണസംഖ്യ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സീറ്റ് ബൽറ്റ് കർശനമാക്കുകയും ഹെൽമറ്റ് പിൻസീറ്റുകാർക്കും കൂടി നിർബന്ധമാക്കുകയും മറ്റു റോഡുനിയമങ്ങൾ കർശനമായി നടപ്പാക്കുകയും ചെയ്യുന്നുണ്ട്. 2018-നെ അപേക്ഷിച്ച് 2019-ലെ മരണനിരക്കിൽ കുറവ് വന്നിട്ടില്ലെങ്കിലും 2019 നവംബർ, ഡിസംബർ മാസങ്ങളിൽ തലേ വർഷത്തെ അപേക്ഷിച്ച് മരണ നിരക്ക് കുറഞ്ഞിട്ടുണ്ട്. |
| (ബി) | നിയമലംഘനം കണ്ടെത്തുവാൻ ഹൈവേകളിൽ ഹൈസ്പീഡ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നും നിലവിൽ അവയിലെത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നുമുള്ള വിവരം നൽകുമോ; | (ബി) | നിയമലംഘനം കണ്ടെത്തുവാൻ 143 സ്പീഡ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ 64 സ്പീഡ് ക്യാമറകൾ പ്രവർത്തനക്ഷമമാണ്. |
| (സി) | പ്രവർത്തനക്ഷമമല്ലാത്തവ അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്നതിനും, ട്രാഫിക് നിയമലംഘകരെ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | പ്രവർത്തനക്ഷമമല്ലാത്ത സ്പീഡ് ക്യാമറകൾ പ്രവർത്തനക്ഷമമാക്കാൻ കെൽട്രോണിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**